# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 364 | 19-03-2013 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന്റെ കേസ്സുകൾ

**ചോദ്യം**
ശ്രീ . ലൂഡി ലൂയിസ്

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) വൈദ്യുതി ബോർഡിന്റെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കമോ;

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് വ്യവഹാരങ്ങൾ നടത്തുന്നതിനായി സുപ്രീംകോടതി, ഹൈക്കോടതി, ജില്ലാകോടതികൾ, മറ്റ് കോടതികൾ/ ഫാറങ്ങൾ എന്നിവയ്ക്കായി അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്.ഹൈക്കോടതിയുടെ ഈ അഭിഭാഷകർക്ക് നേരിട്ട് നോട്ടീസ് സ്വീകരിക്കാനും, മറ്റുള്ള അഭിഭാഷകർക്ക് ബോർഡിലെ ഉദ്യോഗസ്ഥർ നോട്ടീസ് കൈപ്പറ്റിയതിനുശേഷം വക്കാലത്ത് ഏൽപ്പിക്കാനുമുള്ള സംവിധാനമുണ്ട്. അതാത് ഉദ്യോഗസ്ഥരുടെ അധികാര പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെയാണ് നടത്തുന്നത്. മൊത്തത്തിലുള്ള മേൽനോട്ടത്തിനായി ഒരു ജില്ലാ ജഡ്ജി തലവനായ ഒരു നിയമവിഭാഗം വൈദ്യുതി ബോർഡിന്റെ ആസ്ഥാനമായ തിരുവനന്തപുരം വൈദ്യുതി ഭവനിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) യഥാസമയം സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കാത്തതുമൂലം ബോർഡിന്റെ കേസ്സുകൾ പരാജയപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) യഥാസമയം സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കാത്തതുമൂലം വളരെ ചുരുക്കം ചില കേസ്സുകൾ പരാജയപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ബോർഡിന്റെ അഭിഭാഷകരുടേയും ബന്ധപ്പെട്ടബോർഡ് ഉദ്യോഗസ്ഥരുടേയും വീഴ്ചകൾമൂലമാണ് അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | കേസുകൾ പരാജയപ്പെടുന്നത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന പരിചയ സമ്പന്നരായ അഭിഭാഷകരെ ബോർഡിന്റെ കേസുകൾ നടത്താൻ നിയമിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. കേസുകളുടെ നടത്തിപ്പ് കൃത്യമായും കാര്യക്ഷമമായും നിറവേറ്റാനായി ജില്ലാതല മേൽനോട്ട സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിയമവശങ്ങൾ മനസ്സിലാക്കുന്നതിന് പരിശീലന ക്ലാസുകൾ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിശീലന കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. സർക്കിൾ തലത്തിൽ കേസ് നടത്തിപ്പ് മേൽനോട്ടം നടത്തുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കാൻ നടപടികൾ ബോർഡിന്റെ പരിഗണനയിലുണ്ട്. |
| (ഡി) | കേസുകൾ പരാജയപ്പെടുന്നതിന് ഉത്തരവാദികളായവരെ കണ്ടെത്തുവാനും അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ? | (ഡി) | ബോധപൂർവ്വമായി കേസ് നടത്തിപ്പിൽ വീഴ്ച വരുത്തുന്നതിന് ഉത്തരവാദികളായവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. അത്തരം നടപടികൾ പല കേസുകളിലും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ